(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ആർ ബ്ലോക്ക് കായലിലെ തൊഴിലാളികളുടെ നേരെ പോലീസ് നടത്തിയ ആക്രമണം

*9 [1] ശ്രീ. ടി. കെ. രാമകൃഷ്ണൻ:

,, എം. വി. രാഘവൻ:

,, എ. പി. കുര്യൻ:

,, സി. വാസുദേവമേനോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ ബ്ലോക്ക് കായലിൽ കർഷക തൊഴിലാളികളുടെയും പെത്തു തൊഴിലാളികളുടെയും നേരെ പോലീസ് നടത്തിയ ആക്രമണത്തിൽ കുറ്റക്കാരെ സസ്പെൻറ് ചെയ്ത് പരസ്യാന്വേഷണം നടത്തണമെന്ന ആവശ്യം ഗവൺമെൻറംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ തദനുസരണം എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ കാരണമെന്ത്?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ, ബി, സി) പരസ്യാന്വേഷണം നടത്തുവാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ ജില്ലാ കളക്ടറോട് പരാതികളെപ്പറ്റി അന്വേഷിച്ച് റിപ്പോർട്ട് അയക്കാൻ ആവശ്യപ്പെടുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് രണ്ടു ദിവസം മുമ്പുമാത്രമാണ് ലഭിച്ചത്. അതിൻമേൽ കഴിയുന്നത്രവേഗം തീരുമാനം എടുക്കുന്നതാണ്.

കൊടുങ്ങല്ലൂരിലെ പോലീസ് വെടിവെയ്പിനെത്തുടർന്ന് സ്വീകരിച്ച ശിക്ഷണ നടപടികൾ

*10 [2] ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ:

,, സി. വാസുദേവ മേനോൻ:

,, എൻ. സുബ്രഹ്മണ്യ ഷേണായി:

,, എൻ. വാസുദേവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂരിൽ നടന്ന പോലീസ് അതിക്രമങ്ങൾക്കും വെടിവെയ്പിനും ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥൻമാരുടെ മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) നടപടികൾ സ്വീകരിച്ചെങ്കിൽ അതിനു കാരണമെന്ത്;

(സി) കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥൻമാരെ സസ്പെൻറു ചെയ്തുകൊണ്ടു പരസ്യാന്വേഷണം നടത്തണമെന്ന ആവശ്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

LIBRARY ARCHIVES Kerala Legislative Assembly